**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നമ്പർ : 52**

**13.01.2021- ൽ മറുപടിക്ക്.**

## വ്യവസായരംഗത്ത് പുതിയ തൊഴിലവസരങ്ങൾ

ചോദ്യം
ശ്രീ. കാരാട്ട് റസാഖ്
ശ്രീ. ജെയിംസ് മാത്യൂ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. വി. ജോയി

**മറുപടി**
**ഇ. പി. ജയരാജൻ**
**(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ മന്ത്രി).**

(എ) സർക്കാർ പ്രഖ്യാപിച്ച രണ്ട് നൂറുദിന കർമ്മപരിപാടികളുടെ ഭാഗമായി വ്യവസായരംഗത്ത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതി യെക്കുറിച്ച് വിശദമാക്കാമോ ; എത്ര തൊഴിൽ സൃഷ്ടിക്കാനാണ് പരിപാടിയിട്ടിരിക്കുന്നതെന്ന് അറിയിക്കാമോ;

(എ) : സർക്കാർ പ്രഖ്യാപിച്ച രണ്ട് നൂറുദിന കർമ്മപരിപാടികളുടെ ഭാഗമായി വ്യവസായ സംരംഭകത്വ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടി ക്കാനാണ് വ്യവസായ വകുപ്പ് പദ്ധതികൾ ആസൂത്രണം ചെയ്തത്. ആദ്യഘട്ടത്തിൽ, 01/09/2020 മുതൽ 09/12/2020 വരെ 20585 തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതായിരുന്നു വ്യവസായ വാണിജ്യവകുപ്പിന്റെ ലക്ഷ്യം. ഇതിൻപ്രകാരം 24550 തൊഴിലവസര ങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ കൈത്തറി, കയർ മേഖലയിലും പ്രധാന പൊതുമേഖലാ സ്ഥാപനങ്ങളായ കിൻഫ്ര, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ, സിഡ്കോ എന്നിവ മുഖേന സൃഷ്ടിച്ച 4396 തൊഴില വസരങ്ങളും ടി വകുപ്പിലെ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ വഴി സൃഷ്ടിച്ച 841 തൊഴിലവസരങ്ങളും ചേർത്ത് ആകെ 29787 തൊഴില വസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

രണ്ടാംഘട്ടത്തിൽ, 17/12/2020 മുതൽ 27/03/2021 വരെ 20000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ

07/01/2021 വരെ 3792 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ, പരമ്പരാഗത വ്യവസായങ്ങൾ, വ്യവസായ സംസ്കരണ സംഘങ്ങൾ എന്നീ മേഖലകളിലാണ് തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുള്ളത്.

(ബി) സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷം പതിനയ്യായിരം സംരംഭങ്ങൾ തുടങ്ങുകയെന്ന ലക്ഷ്യം നേടുന്നതിന് വ്യവസായ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ ;

(ബി) : സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവത്കരണ സെമിനാറുകൾ, താലൂക്ക്-ജില്ലാ അടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാ അടിസ്ഥാനത്തിൽ സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ വർഷംതോറും നടത്തി വരുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും മാനേജ്മെന്റിലും, സാങ്കേതികവിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡവലപ്പ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. ഈ ധനകാര്യ വർഷം 2020 ഡിസംബർ വരെ സംസ്ഥാനത്ത് 6826 സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുകയും ആയതിലൂടെ 776.54 കോടി രൂപയുടെ നിക്ഷേപവും 26449 തൊഴിലവസരങ്ങളും ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

കൈത്തറി വ്യവസായ രംഗത്ത് ആധുനികവൽകരണത്തിന്റെ ഭാഗമായി ആലപ്പുഴ, തൃശ്ശൂർ എന്നീ സഹകരണ സ്പിന്നിങ് മില്ലുകളിൽ പുതുതായി യന്ത്രങ്ങൾ സ്ഥാപിച്ചു തുടങ്ങിയിട്ടുണ്ട്.

കേരള ഖാദി ഗ്രാമീണ വ്യവസായ മേഖലയിൽ *എന്റെ ഗ്രാമം* പദ്ധതിയിലൂടെ ഒരു ഗ്രാമത്തിൽ കുറഞ്ഞത് ഒരു യൂണിറ്റ് സ്ഥാപിച്ച് ഏറ്റവും കുറഞ്ഞത് 3 പേർക്ക് തൊഴിൽ നൽകുവാനും അങ്ങനെയുള്ള 1500 പുതിയ വ്യവസായ സംരംഭങ്ങൾക്ക് സബ്സിഡി നൽകുവാനും ലക്ഷ്യമിടുന്നു.

സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുടെ വികസനത്തിനായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ സിഡ്കോയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 500-ഓളം യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ (ഫർണിഷിങ് വർക്കുകൾ ഉൾപ്പെടെ) ആവശ്യാനുസരണം സർക്കാർ സർക്കാരിതേര സ്ഥാപനങ്ങളിൽ നൽകുന്നതിലേക്കായുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിഞ്ഞു. സിഡ്കോയുടെ അധീനതയിലുള്ള വിവിധ വ്യവസായ എസ്റ്റേറ്റുകൾ/മിനി വ്യവസായ എസ്റ്റേറ്റുകളിൽ യൂണിറ്റുകൾ കൈമാറ്റം ചെയ്ത് നൽകിയതിലൂടെ 2020 ഏപ്രിൽ മുതൽ 2020 ഡിസംബർ വരെ 186 തൊഴിലവസരങ്ങളും ഉണ്ടായിട്ടുണ്ട്.

(സി) മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പരിപാടിയെക്കുറിച്ചും ആയതിന്റെ പുരോഗതിയെക്കുറിച്ചും അറിയിക്കാമോ ?

(സി) : കോവിഡ് 19 പശ്ചാത്തലത്തിൽ സ്വയം സംരംഭകത്വം പ്രോത്സാഹിപ്പിക്കാൻ കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി നടപ്പാക്കുന്ന പദ്ധതിയാണ് *മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി.* സ്റ്റാർട്ടപ്പുകൾക്കും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്കും ഇതിൽ അപേക്ഷിക്കാം. സ്റ്റാർട്ടപ്പുകൾക്ക് കേരള സ്റ്റാർട്ടപ്പ് മിഷൻ രജിസ്ട്രേഷനും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്ക്

ഉദ്യം(UDYAM) രജിസ്ട്രേഷനും നിർബന്ധമാണ്. നോർക്ക റൂട്ട്സിന്റെ ശുപാർശയുള്ള പ്രവാസികളെയും ഇതിൽ പരിഗണിക്കുന്നുണ്ട്. പദ്ധതി ചെലവിന്റെ പരമാവധി 90% വരെ നൽകുന്ന വായ്പയ്ക്ക് സർക്കാർ സബ്സിഡിയായ 3% കുറച്ച് 7% പലിശ മാത്രമാണ് ഈടാക്കുന്നത്. ഓരോ സംരംഭത്തിനും പരമാവധി 50 ലക്ഷം രൂപ വരെ വായ്പ നൽകുന്ന ഈ പദ്ധതിയിൽ പരമാവധി തിരിച്ചടവ് കാലാവധി 5 വർഷമാണ്. 18-നും 50-നും ഇടയിൽ പ്രായമുള്ള സ്ഥിരജോലിയില്ലാത്തവർക്കാണ് വായ്പയോഗ്യത. സ്ത്രീകൾക്കും പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കും 5 വർഷം പ്രായപരിധിയിൽ ഇളവുണ്ട്. പ്രവാസികൾക്ക് പ്രായപരിധിയിൽ 10 വർഷത്തെ ഇളവുണ്ട്. ഇതിൽ 1 ലക്ഷം രൂപ വരെയുള്ള വായ്പകൾ ക്രെഡിറ്റ് ഗ്യാരന്റി കവറേജിന്റെ പിന്തുണയോടെ ഈടുരഹിത വായ്പകളായാണ് നൽകുന്നത്. 1381 പദ്ധതികൾ തിരഞ്ഞെടുത്തതിൽ നിന്നും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ 592 സംരംഭങ്ങൾക്കായി ഇതുവരെ 2594 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ